# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## കോട്ടയം ജില്ലയിലെ സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റ്

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1931  11/02/2020-ൽ മറുപടിക്ക്**

| ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | കോട്ടയം ജില്ലയിലെ സിവിൽ പോലീസ് ഓഫീസർ (കെ.എ.പി.V) റാങ്ക് ലിസ്റ്റിൽനിന്നും പരിമിതമായ നിയമനങ്ങൾ മാത്രമേ നടക്കുന്നുള്ളൂവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എ.പി. അഞ്ചാം ബറ്റാലിയനിലും, പ്രസ്തുത ബറ്റാലിയനിൽ നിന്നും ബൈട്രാൻസ്ഫർ മുഖേന നികത്തേണ്ട കോട്ടയം, ഇടുക്കി ജില്ലകളിലും വിരമിക്കൽ, പ്രൊമോഷൻ മുതലായവ മൂലമുണ്ടാകുന്ന ഒഴിവുകൾ കുറവായതിനാലും, നിലവിൽ ബറ്റാലിയനിൽ അനുവദനീയമായ അംഗബലത്തെ അധികരിച്ച് അംഗസംഖ്യ നിലനിൽക്കുന്നതിനാലും കൂടുതൽ ഒഴിവുകൾ ലഭ്യമല്ല. |
| (ബി) | പ്രസ്തുത തസ്തികയിലേയ്ക്ക് നിലവിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്തിരിക്കുന്നത്; വ്യക്തമാക്കുമോ; | (ബി) | 268 ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കെ.എ.പി.V ബറ്റാലിയനുവേണ്ടി ആർ.ആർ.ആർ.എഫ് -ന്റെ ഇരുന്നൂറോളം വേക്കൻസികൾ അധികമായി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വേക്കൻസികൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | കെ.എ.പി.V ബറ്റാലിയനുവേണ്ടി ആർ.ആർ.ആർ.എഫ് യൂണിറ്റിൽ അധികമായി യാതൊരു തസ്തികയും അനുവദിച്ചിട്ടില്ല. |
| (ഡി) | കെ.എ.പി.V ബറ്റാലിയനിലേയ്ക്കുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | (ഡി) | പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ലഭിക്കുന്ന മുറയ്ക്ക് തന്നെ നിയമനം നടത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ